**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന സ്കീം പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഈ 14 വിദ്യാർത്ഥികൾക്കായി 3,47,86,728/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ അക്കാദമിക വർഷം പ്രസ്തുത ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിദ്യാഭ്യാസ സഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | 2 അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്. ഉപരി പഠനത്തിനായി തിരഞ്ഞെടുക്കുന്നത് ആർട്സ് വിഷയങ്ങളാണെങ്കിൽ ആയത് ഇന്ത്യയിലെ സർവ്വകലാശാലകൾ/ കോളേജുകൾ പഠിപ്പിക്കാത്ത വിഷയമാകണം. നിരസിക്കപ്പെട്ട 2 അപേക്ഷകളും ഈ മാനദണ്ഡ പ്രകാരമുള്ളവയായിരുന്നില്ല. |
| (സി) | അപേക്ഷകൾ അംഗീകരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശങ്ങളിൽ പോയി ഉപരിപഠനം നടത്തുന്നതിന് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനാണ് സ്കോളർഷിപ്പ് നൽകുന്നത്. കേരളത്തിനകത്ത് സ്ഥിരതാമസക്കാരായവരും ബിരുദ പഠനത്തിന് 50% മാർക്കിന് മുകളിൽ ഉള്ളവരും 35 വയസ്സിന് താഴെയുള്ളവരും IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളവരും പഠനം നടത്താൻ ഉദ്ദേശിക്കുന്ന വിദേശ സ്ഥാപനത്തിൽ നിന്നും ഓഫർ ലെറ്റർ ലഭിച്ചവരും ആയിട്ടുള്ള പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിന് അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിയ്ക്ക് ഒരു കോഴ്സിന് ചേർന്ന് പഠനം നടത്തുന്നതിനാണ് സ്കോളർഷിപ്പ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത്. പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിന് വരുമാന പരിധിയില്ല. വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിലിന് തുല്യമായവ, പി. എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽക്കുന്നത്. വിമാന യാത്രാക്കൂലി, മെഡിക്കൽ ഇൻഷ്വറൻസ്, ട്യൂഷൻഫീസ്, ഹോസ്റ്റൽ ഫീസ്, തിരികെ ലഭ്യമാക്കാത്ത മറ്റു ഫീസുകൾ, ലിവിംഗ് എക്സ്പെൻസസ് , വിസചാർജ്ജ് തുടങ്ങിയവയാണ് വിദ്യാർത്ഥികൾക്ക് പദ്ധതിയിൽ അനുവദിച്ചു നൽകുന്നത്. |

സെക്ഷൻ ഓഫീസർ